File No.TCPCTP/1008/2019-C1

ഭരണഭാഷ - മാതൃഭാഷ

## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം : - നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം സാങ്കേതികവിഭാഗം -എറണാകുളം ജില്ല - തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് -തിരുവാണിയൂർ വില്ലേജ് - പെട്രോൾ പമ്പ് നിർമ്മാണം -ലേ ഔട്ട് - അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- 1. തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05/02/2019 -ലെ എ 3-7168/18 നമ്പർ കത്ത്.
2. എറണാകുളം സീനിയർ ടൗൺ പ്ലാനറുടെ 26/04/2019-ലെ സി/434/19/കെ.ഡിസ് നമ്പർ കത്ത്.

---

### കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നമ്പർ. **TCPCTP/1008/2019-C1** തീയതി **: 10/06/2019**

---

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തിരുവാണിയൂർ വില്ലേജിൽ ബ്ലോക്ക് 41-ൽ റീ സർവ്വേ നം. 106/11-ൽപ്പെട്ട 9.52 ആർ വസ്തുവിൽ നിലവിലുള്ള ഡിസ്പെൻസിങ് യൂണിറ്റ്, സെയിൽസ് കെട്ടിടം എന്നിവ പൊളിച്ചു നീക്കി പുതിയത് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിതകത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ശൈലേന്ദ്രൻ വളപ്പിൽ, വളപ്പിൽ ഹൗസ്, മരങ്ങാട്ടുള്ളിക്കര, തിരുവാണിയൂർ.പി.ഒ, എറണാകുളം -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും , വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഓക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത , സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ 2011 നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ

പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

7. ആവശ്യമായ സാനിട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, കെ.പി.ബി.ആർ 2011 ചട്ടം 61(6) പ്രകാരം Liquid Waste Management Treatment Plant ഉം ടി കെട്ടിടത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന Waste water, Recyle ചെയ്ത് reuse ചെയ്യുന്നതിനുള്ള സംവിധാനം (ചട്ടം 61(17) പ്രകാരം) ഏർപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തണം.
8. കെ.പി.ബി.ആർ ചട്ടം 61(9) പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 45/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം - ഒരുസെറ്റ് പ്ലാൻ

**ജയശ്രീ.പി.ആർ**
ടൗൺ പ്ലാനർ

**സെക്രട്ടറി**
തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്
പകർപ്പ് -
1. ശ്രീ. ശൈലേന്ദ്രൻ, വളപ്പിൽഹൗസ്, മരങ്ങാട്ടുള്ളിക്കര, തിരുവാണിയൂർ.പി.ഒ, എറണാകുളം-682308
2. സീനിയർ ടൗൺ പ്ലാനർ, എറണാകുളം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം